പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1888 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ അദർ ഡ്യൂട്ടി

ചോദ്യം

ഡോ. എം. കെ. മുനീർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യിൽ എത്ര സി.എം.ഡി.മാർ ചുമതലയേറ്റിട്ടുണ്ട്; കാലയളവ് സഹിതം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 06-10-2016 മുതൽ 16-10-2017 വരെ ശ്രീ. എം.ജി.രാജമാണിക്യം IAS, 17-10-2017 മുതൽ 15-4-2018 വരെ ശ്രീ. എ.ഹേമചന്ദ്രൻ IPS, 16-4-2018 മുതൽ നാളിതുവരെ ശ്രീ. ടോമിൻ ജെ. തച്ചങ്കരി IPS എന്നിങ്ങനെ മൂന്ന് സി.എം.ഡി.മാർ കെ.എസ്.ആർ.ടി.സി.യിൽ ചുമതലയേറ്റിട്ടുണ്ട്. |
| (ബി) | താഴേത്തട്ടിലുള്ള കണ്ടക്ടറെയും ഡ്രൈവറെയും മാത്രം തൊഴിൽപരമായും മാനസികപരമായും പീഡിപ്പിക്കുന്ന നിലവിലെ രീതിയ്ക്ക് മാറ്റമുണ്ടാക്കി മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ളവർക്കും യഥാർത്ഥ സർവ്വീസ് ചട്ടം ജോലിയിൽ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കണ്ടക്ടർ, ഡ്രൈവർ തുടങ്ങി ഒരു തസ്തികയിലുള്ളവരെയും തൊഴിൽ പരമായും മാനസിക പരമായും പീഡിപ്പിക്കുന്ന രീതി നിലവിലില്ല. മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ള ജീവനക്കാർക്കടക്കം എല്ലാപേർക്കും നിലവിൽ സർവ്വീസ് ചട്ടം ജോലിയിൽ ബാധകമാണ്. |
| (സി) | പുതിയ സി.എം.ഡി. ചാർജ്ജ് എടുത്ത ശേഷം ട്രാൻസ്പോർട്ട് ഭവനിലുൾപ്പെടെയുള്ള ഓഫീസുകളിൽ നിന്ന് എത്ര അദർ ഡ്യൂട്ടി | (സി) | പുതിയ സി.എം.ഡി ചാർജ്ജ് എടുത്ത ശേഷം ട്രാൻസ്പോർട്ട് ഭവൻ ഓഫീസ് ഉൾപ്പടെയുള്ള ഓഫീസുകളിൽ നിന്ന് 514 അദർ ഡ്യൂട്ടി |

| | | | |
|---|---|---|---|
| | ക്കാരെ തിരികെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുണ്ട്; | | ജീവനക്കാരെ തിരികെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | ക്ലറിക്കൽ മുതലുള്ള എല്ലാ അദർ ഡ്യൂട്ടിക്കാരെയും അവരവരുടെ യഥാർത്ഥ ജോലിയ്ക്ക് നിയോഗിക്കാൻ ഉദ്ദേശമുണ്ടോയെന്നറിയിക്കുമോ? | (ഡി) | ക്ലറിക്കൽ മുതലുള്ള എല്ലാ അദർ ഡ്യൂട്ടിക്കാരെയും അവരവരുടെ യഥാർത്ഥ ജോലിയ്ക്ക് നിയോഗിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**